പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3355

23/06/2014-ൽ
മറുപടിയ്ക്ക്

**കോളേജ് അദ്ധ്യാപക നിയമനത്തിന് വിദ്യാഭ്യാസ യോഗ്യതയുടെ മാർക്ക് കൂട്ടിച്ചേർക്കുന്ന രീതി**

**ചോദ്യം**
ശ്രീ. കെ.മുരളീധരൻ :

**മറുപടി**
ശ്രീ.ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ)<br><br><br><br><br><br>(ബി) | കോളേജ് അധ്യാപക നിയമനത്തിന് റാങ്ക് ലിസ്റ്റ് തയ്യാറാക്കുമ്പോൾ ഉദ്യോഗാർത്ഥികളുടെ വിദ്യാഭ്യാസ യോഗ്യതാപരീക്ഷയുടെ മാർക്ക് റാങ്ക് നിർണ്ണയത്തിന് പരിഗണിക്കുന്നുണ്ടോ ;<br><br>ഉണ്ടെങ്കിൽ ഇത് ഏത് വിധമാണെന്ന് വിശദീകരിക്കാമോ ; | (എ)<br>യും<br>(ബി)<br>യും | കോളേജ് അദ്ധ്യാപക നിയമനത്തിന് വിദ്യാഭ്യാസ യോഗ്യത നിശ്ചയിച്ചിരിക്കുന്നത് ജി.ഒ (പി) നം. 41/94/ഉ.വി.വ, 21.03.1994-ലെ സ്പെഷ്യൽ റൂൾസ് പ്രകാരമാണ്. ബിരുദാനന്തര ബിരുദത്തിന് 55% മാർക്കും നെറ്റ്/പി.എച്ച്.ഡി/എം.ഫിൽ എന്നതാണ് വിദ്യാഭ്യാസ യോഗ്യത. യോഗ്യത പരീക്ഷയുടെ മാർക്ക് റാങ്ക് നിർണ്ണയത്തിന് പരിഗണിക്കുവാൻ സ്പെഷ്യൽ റൂൾസിൽ വ്യവസ്ഥ ചെയ്തിട്ടില്ല. |
| (സി)<br><br><br><br><br><br><br><br>(ഡി) | വിവിധ സർവ്വകലാശാലകളിൽ നിന്ന് വിവിധ വർഷങ്ങളിൽ യോഗ്യതാ പരീക്ഷകൾ പാസ്സായ ഉദ്യോഗാർത്ഥികളുടെ മാർക്കിൽ ഏകീകൃത സ്വഭാവം ഇല്ലാതിരിക്കെ എന്തു മാനദണ്ഡം അനുസരിച്ചാണ് പ്രസ്തുത മാർക്ക് റാങ്ക് നിർണ്ണയത്തിന് പരിഗണിക്കുന്നതെന്നറിയിക്കുമോ ;<br><br>യോഗ്യതാ പരീക്ഷയുടെ മാർക്ക് റാങ്ക് നിർണ്ണയത്തിന് കൂട്ടിച്ചേർക്കുമ്പോൾ അഖിലേന്ത്യ പ്രവേശന പരീക്ഷകളിൽ പിന്തുടരുന്ന രീതിയിൽ വർഷം സർവ്വകലാശാല അടിസ്ഥാനത്തിൽ ശരാശരി മാർക്ക് നിർണ്ണയിച്ച് തദനുസൃതമായ ആനുപാതിക വെയിറ്റേജ് നൽകുന്ന രീതി സ്വീകരിക്കുമോ ? | (സി)<br>യും<br><br>(ഡി)<br>യും | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേത് ഒഴികെയുള്ള കോളേജ് അദ്ധ്യാപകരുടേയും (ജനറൽ & പ്രൊഫഷണൽ), ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി അദ്ധ്യാപകരുടേയും തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് അടിസ്ഥാന മാർക്കിടലിൽ, അക്കാഡമിക് മാർക്ക് താഴെ പറയുംപ്രകാരമാണ് നൽകുന്നത്. ആയതിൽ മാറ്റം വരുത്തുന്ന കാര്യം പരിഗണനയിൽ ഇല്ല.<br>1. <u>പരീക്ഷയുടേയും, ഇന്റർവ്യൂവിന്റേയും അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റുകളുടെ കാര്യത്തിൽ</u><br>**30-ൽ ലഭിച്ച അക്കാഡമിക് മാർക്ക് (30-ൽ ലഭിച്ച യോഗ്യതാപരീക്ഷയുടെ മാർക്കിന്റെ ശതമാനം)**<br><br>2. <u>പരീക്ഷകളില്ലാതെ ഇന്റർവ്യൂവിന്റെ മാത്രം അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റുകളുടെ കാര്യത്തിൽ</u><br>**അക്കാഡമിക് മാർക്കിന്റെ ശതമാനം** |

സെക്ഷൻ ഓഫീസർ